LIBRARY ARCHIVES Kerala Legislative Assembly

അംഗൻവാടി ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുന്നതിന് നടപടി

57 [3065] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗൻവാടി ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) അംഗൻവാടി ടീച്ചർക്ക് 2500 രൂപയും ഹെൽപ്പർക്ക് 1500 രൂപയും പ്രതിമാസം ഓണറേറിയം നൽകുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) പ്രസ്തുത ജീവനക്കാർക്ക് പ്രോവിഡന്റ് ഫണ്ടും പെൻഷനും ഏർപ്പെടുത്തുമോ;

(ഡി) ജനപ്രതിനിധികളായ അംഗൻവാടി ജീവനക്കാർക്ക് അവരുടെ കാലാവധി അവസാനിക്കുന്നതുവരെ അവധി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അംഗൻവാടി വർക്കർമാരും ഹെൽപ്പർമാരും ഓണറേറിയം വ്യവസ്ഥയിൽ നിയോഗിക്കപ്പെടുന്ന സന്നദ്ധ പ്രവർത്തകർ മാത്രമാണ്. കേന്ദ്ര സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചാണ് ഐ.സി.ഡി.എസ്. പ്രോജക്ട് നടപ്പിലാക്കുന്നത്. സന്നദ്ധ പ്രവർത്തകരായ അംഗൻവാടി ജീവനക്കാരെ സർക്കാർ ജീവനക്കാരായി പരിഗണിക്കാൻ സംസ്ഥാന സർക്കാരിനു കഴിയുകയില്ല.

(ബി) ഇല്ല; ബാധകമല്ല.

(സി) അംഗൻവാടി പ്രവർത്തകർ സേവനത്തിൽ നിന്ന് പിരിഞ്ഞുപോകേണ്ട ഒരു പ്രായപരിധി കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടില്ല. ഇപ്രകാരം ഒരു പ്രായപരിധി നിശ്ചയിക്കപ്പെടുന്നപക്ഷം ഇവർക്ക് നൽകുവാൻ കഴിയുന്ന ആനുകൂല്യങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സാമൂഹ്യക്ഷേമ ഡയറക്ടറെ ഏകാംഗകമ്മീഷനായി സർക്കാർ നിയോഗിച്ചിട്ടുണ്ട്.

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളായ അംഗൻവാടി പ്രവർത്തകർക്ക് ജനപ്രതിനിധി എന്ന നിലയിൽ കാലാവധി അവസാനിക്കുന്നതുവരെ ഓണറേറിയമില്ലാത്ത അവധി അനുവദിച്ചുകൊണ്ട് 4-3-2004-ലെ ജി.ഒ.(ആർ.ടി.) നം. 77/04/സാക്ഷേവ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.